പതിമൂന്നാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2110 12.2.2013-ൽ മറുപടിയ്ക്ക്

## സി.ബി.ഐ. അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. സാജു പോൾ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സുപ്രീം കോടതി ജഡ്ജി കൈക്കൂലി വാങ്ങുന്നത് കണ്ടുവെന്ന് കെ. സുധാകരൻ എം.പി. വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, സി.ബി.ഐ. അന്വേഷണം നടക്കുന്നതായി അറിവുണ്ടോ ; | (എ) ഇല്ല. |
| (ബി) തങ്ങൾ അന്വേഷണം നടത്തുന്നില്ലെന്ന് സി.ബി.ഐ. ചെന്നൈ യൂണിറ്റ് കത്തുവഴി, സംസ്ഥാന ആഭ്യന്തര വകുപ്പിനെ അറിയിച്ചിട്ടുണ്ടായിരുന്നോ ; | (ബി) ഇല്ല. എന്നാൽ തിരുവനന്തപുരം സിറ്റിയിലെ അസി. കമ്മീഷണർക്ക് ലഭിച്ചിട്ടുണ്ട്. |
| (സി) സി.ബി.ഐ. അന്വേഷണം നടത്തുന്നതിനാൽ പോലീസ് കേസ് എഴുതിത്തള്ളണമെന്ന് വിജിലൻസ് പ്രത്യേക കോടതിയിൽ, പോലീസ് ആവശ്യപ്പെടുകയും അത്, കോടതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ടോ ; | (സി) ഇല്ല. എന്നാൽ ഈ കേസ് വിജിലൻസ് ബ്യൂറോയുടെ അന്വേഷണ പരിധിയിൽ അല്ലാത്തതിനാൽ Mistake of Law ആയി പരിഗണിച്ച് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ആയത് കോടതി അംഗീകരിച്ചിട്ടുമുണ്ട്. |
| (ഡി) അന്വേഷണം തങ്ങൾ നടത്തുന്നില്ലെന്നറിയിച്ചുകൊണ്ടുള്ള സി.ബി.ഐ.യുടെ കത്ത് മറച്ചുവെച്ചുകൊണ്ട് വിജിലൻസ് പ്രത്യേക കോടതിക്ക് റിപ്പോർട്ട് നൽകിയത് ആരാണ് ; ആരുടെ നിർദ്ദേശത്തെ തുടർന്നായിരുന്നു ; വിശദമാക്കുമോ ; | (ഡി) സി.ബി.ഐ യിൽ നിന്ന് വിജിലൻസിന് കത്ത് ലഭിച്ചിട്ടില്ലാത്തതിനാൽ ബാധകമല്ല |
| (ഇ) പ്രസ്തുത വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏതെല്ലാം കേസുകളാണ് ഇപ്പോൾ നിലവിലുള്ളത് ? | (ഇ) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 123/11 നമ്പർ കേസ്. |

(signature)

സെക്ഷൻ ഓഫീസർ